## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1715 — 06.07.2015-ൽ മറുപടിക്ക്

### സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിലെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അത് കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2015 മേയ് മാസത്തോടു കൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യമായിരിക്കുമെന്ന് ഐ.എം.ജി ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി. യുടെ സഹകരണത്തോടുകൂടി ഐ.എം.ജി ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) അതിലെ വീഴ്ചകൾ പരിശോധിക്കാൻ | (ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, |

നിലവിൽ സംവിധാനങ്ങളുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

യും (സി) യും 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23.11.2012, 19.02.2013 എന്നീ തീയതികളിലെ 21145/എ.ആർ.12(1)/12/ഉ.ഭ.പ.വ., 20.12.2012-ലെ 14944/എ.ആർ.12(1)/12/ഉ.ഭ.പ.വ., 04.10.2013-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ

വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21.10.2014-ലെ സർക്കുലർ നമ്പർ. 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശനിയമ പ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15.11.2014-ലെ 16203/എ.ആർ.12(1)/ 2013/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ